**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **10-08-2023 - ൽ മറുപടിയ്ക്ക്**

**വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമ പഞ്ചായത്തിൽ വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് മുഖേന സ്വീകരിച്ച നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ സർവ്വെ നം. 24/3, 25/3 ൽപ്പെട്ട 2.15 ഏക്കർ സ്വകാര്യ ഭൂമിയും പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമിയും ഉൾപ്പെടെ ആകെ 3.04 ഏക്കർ ഭൂമിയിലാണ് കണ്ണൂർ ജില്ലയിൽ ശ്രീ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നത്. ഇതിൽ 2.15 ഏക്കർ സ്വകാര്യ ഭൂമി വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കുമോ? | (ബി) | നിലവിൽ തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ